**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1424 — 07.06.2018-ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയം കൈവരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 23/02/2005 ലെ സ.ഉ (സാധ) നം 318/2005/ ഉ.വി.വ പ്രകാരം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആരംഭിച്ച സ്ഥാപനമാണ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി. 1970 മുതൽ സിവിൽ സർവ്വീസ് രംഗത്ത് മലയാളി സാന്നിധ്യം കുറഞ്ഞ് വരുന്ന ഗുരുതരമായ അവസ്ഥ കണക്കിലെടുത്താണ് 2005 ൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികളോടൊപ്പം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പരിശീലനം നൽകി വരുന്നു. എന്നാൽ 2011 നു ശേഷം നാളിതുവരെയും സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് യാതൊരുവിധ സാമ്പത്തിക സഹായവും അനുവദിച്ചിട്ടില്ല. <br> എന്നാൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ റഗുലർ ബാച്ചിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ |

| | | |
|---|---|---|
| | | വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് വിദ്യാഭ്യാസാനു കൂല്യം, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകുന്നതിന് 17.5.208 ലെ സ.ഉ.(കൈ) നം.36/2018/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ എസ്.സി./ എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് നൽകേണ്ടിവരുന്നത് എന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ? | (ബി) നിലവിൽ പ്രിലിംസ് കം മെയിൻസ് എന്ന 9 മാസം ദൈർഘ്യമുള്ള കോഴ്സിന് ആപ്ലിക്കേഷൻ ഫീസ് 200 രൂപയും ട്യൂഷൻ ഫീസ് 47200 രൂപയും (18% GST ഉൾപ്പെടെ) ക്വാഷൻ ഡെപ്പോസിറ്റ് 2000 രൂപ ഉൾപ്പെടെ 49400 രൂപയാണ്. അക്കാഡമിക്ക് സ്വന്തമായി ഹോസ്റ്റൽ ഇല്ല. |

സെക്ഷൻ ഓഫീസർ.